പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2641 — 12/2/2019 ൽ മറുപടിക്ക്

## കടബാദ്ധ്യതയിലായ കോഴികർഷകർ

ചോദ്യം — മറുപടി

**ശ്രീ.ആർ. രാമചന്ദ്രൻ:**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | കാലാവസ്ഥാ വ്യതിയാനം കോഴി കർഷകരുടെ ഉപജീവനത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | കാലാവസ്ഥ വ്യതിയാനം മൂലം കോഴി വളർത്തൽ മേഖലയിൽ ഉണ്ടാകുന്ന നഷ്ടം സംബന്ധിച്ച പഠനങ്ങൾ മൃഗസംരക്ഷണ വകുപ്പ് നടത്തിയിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമല്ല. |
| ബി) | കാലാവസ്ഥാ വ്യതിയാനം മൂലം കോഴികളും കോഴിക്കുഞ്ഞുങ്ങളും ചത്തൊടുങ്ങിയതിന്റെ ഫലമായി കടബാദ്ധ്യതയിലായ കോഴികർഷകർക്ക് കടങ്ങൾ തിരിച്ചടയ്ക്കുന്നതിനുള്ള സാവകാശം ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ? | ബി) | കാലാവസ്ഥ വ്യതിയാനം മൂലം കോഴികളും, കോഴികുഞ്ഞുങ്ങളും ചത്തൊടുങ്ങിയതുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകൾ മൃഗസംരക്ഷണ വകുപ്പിന് ലഭിച്ചിട്ടില്ല. കടബാധ്യത എഴുതി തള്ളുന്നതുമായി ബന്ധപ്പെട്ട പദ്ധതികളും നിലവിലില്ല. |
| സി) | കോഴികർഷകരെ പീഡിത കർഷകരുടെ വിഭാഗത്തിൽ പ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ